This Booklet contains **24** printed pages.
इस पुस्तिका में **24** मुद्रित पृष्ठ हैं।

# AK14II

**Test Booklet No.**
परीक्षा पुस्तिका संख्या

## PAPER—II / प्रश्न-पत्र—II

## MALAYALAM LANGUAGE SUPPLEMENT / मलयालम भाषा परिशिष्ट

### PART—IV & V / भाग—IV & V

**Test Booklet Code**
परीक्षा पुस्तिका संकेत

**N**

Do not open this Test Booklet until you are asked to do so.
इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।

Read carefully the Instructions on the Back Cover (Pages 23 & 24) of this Test Booklet.
इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए गए निर्देशों को ध्यान से पढ़ें।

**For Instructions in Malayalam see Page 2 of this Booklet.**
**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें।**

### *Instructions for Candidates :*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part—IV (Language—I) **OR** Part—V (Language—II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part—I, and Part—II OR III from the Main Test Booklet and Parts—IV and V from the languages chosen by them.
3. Questions on English and Hindi languages for Part—IV and Part—V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue/Black Ballpoint Pen only** for writing particulars on this page/marking responses in the Answer Sheet.
5. The CODE for this Language Booklet is **N**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **Two** Parts—IV and V, consisting of **60** Objective-type Questions and each carrying 1 mark :
   Part-IV : Language-I (Malayalam) (Q. Nos. 91-120)
   Part-V : Language-II (Malayalam) (Q. Nos. 121-150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam Language have been given. **In case the language(s) you have opted for as Language-I and/or Language-II is a language other than Malayalam, please ask for a Test Booklet that contains questions on that Language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

### *परीक्षार्थियों के लिए निर्देश :*

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है उन परीक्षार्थियों के लिए जो या तो भाग—IV (भाषा—I) **या** भाग—V (भाषा—II) का उत्तर **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग—I, एवं भाग—II या III के उत्तर मुख्य परीक्षा पुस्तिका से दें और भाग—IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग—IV व भाग—V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं उत्तर-पत्र पर निशान लगाने के लिए **केवल नीले/काले बॉलपॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत N** है। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर-पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में दो भाग—IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं तथा प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्रश्न सं० 91-120)
   भाग-V : भाषा-II (मलयालम) (प्रश्न सं० 121-150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से सम्बन्धित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है/हैं, तो कृपया उस भाषा वाली परीक्षा पुस्तिका माँग लें। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ़ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर-पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

Name of the Candidate (in Capitals) : ______________________
परीक्षार्थी का नाम (बड़े अक्षरों में)

Roll Number (in figures) : ______________________
अनुक्रमांक (अंकों में)
(in words) : ______________________
(शब्दों में)

Centre of Examination (in Capitals) : ______________________
परीक्षा-केन्द्र (बड़े अक्षरों में)

Candidate's Signature : ______________ Invigilator's Signature : ______________
परीक्षार्थी के हस्ताक्षर निरीक्षक के हस्ताक्षर

Facsimile signature stamp of Centre Superintendent ______________________

**09-II**

ഈ പുസ്തികയിൽ 24 താളുകൾ ഉണ്ട്. **AK14II** പരീക്ഷാ ചെറുപുസ്തക സങ്കേതം

**N**

പേപ്പർ—II

# മലയാളം ഭാഷാ അനുബന്ധം

## ഭാഗം—IV & V

പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.

ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിയ്ക്കുക.

***പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ:***

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷാ I) അല്ലെങ്കിൽ V (ഭാഷാ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം II അല്ലെങ്കിൽ III ഉം ഭാഗമോ മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിൽ ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, നീല / കറുപ്പ് ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **N** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ സൈഡ് 2-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV & V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും ഒരു (1) മാർക്ക്.

   ഭാഗം—IV : ഭാഷാ—I (മലയാളം) (ചോദ്യം 91–120)

   ഭാഗം—V : ഭാഷാ—II (മലയാളം) (ചോദ്യം 121–150)
7. ഭാഗം IV ൽ (ഭാഷാ I) 30 ചോദ്യങ്ങളും, ഭാഗം V ൽ (ഭാഷാ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I/ഭാഷാ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിൽ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.
8. പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I) ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.
9. രഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് (മുഴുത്ത അക്ഷരത്തിൽ) : ____________________

റോൾ നമ്പർ (അക്കത്തിൽ) : ____________________

(അക്ഷരത്തിൽ) : ____________________

പരീക്ഷാ കേന്ദ്രം (മുഴുത്ത അക്ഷരത്തിൽ) : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ____________________

Facsimile signature stamp of Centre Superintendent ____________________

**Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE—I**

→

## ഭാഗം—IV : ഭാഷാ—I

## മലയാളം

*നിർദ്ദേശങ്ങൾ:* ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (**91–105**) :

**91.** അർത്ഥത്തിൽ ഉള്ള കൂടിയാലോചന നടത്തുന്നു എന്ന് കമ്മ്യൂണിക്കേറ്റിവ് കോംപിറ്റൻസ് നേടിയ പഠിതാക്കളെക്കുറിച്ച് പറയുമ്പോൾ അതിന്റെ അർത്ഥം -

(1) കോഴ്സിനെക്കുറിച്ച് സംശയങ്ങൾ ദൂരീകരിക്കുന്നതിന് അധ്യാപകനുമായി ആശയവിനിമയം നടത്തുന്നു.

(2) പദങ്ങളുടെ വ്യതിരിക്തമായ അർത്ഥം നിഘണ്ടുവിന്റെ സഹായത്തോടെ സൂചിപ്പിക്കാനും പ്രയോഗിക്കാനും കഴിയുമെന്നാണ്

(3) വിവരം പങ്കു വയ്ക്കാനും കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താനും അർത്ഥം ഗ്രഹിച്ചുകൊണ്ട് വിവരങ്ങളുടെ പുനഃഘടന നിർമ്മിക്കാനും സാധിക്കുന്നു

(4) വ്യാകരണഘടനകൾ പ്രയോഗിക്കുക

**92.** താഴെപ്പറയുന്ന ക്രമങ്ങളിൽ, ഏറ്റവും സുഗമമായി ഭാഷാശേഷി ആർജ്ജിക്കുന്നത് ഏത് രീതിയിൽ ആണ്

(1) ഭാഷണം-ശ്രവണം-പാരായണം-ലേഖനം

(2) ശ്രവണം-ഭാഷണം-ലേഖനം-പാരായണം

(3) ശ്രവണം-ഭാഷണം-പാരായണം-ലേഖനം

(4) ശ്രവണം-പാരായണം-ഭാഷണം-ലേഖനം

**93.** ഭാഷാ ആർജ്ജനം നല്ലരീതിയിൽ നേടി എന്ന് അനുമാനിക്കുമ്പോൾ എങ്കിൽ എന്ത് ആർജ്ജിച്ചു എന്ന് പറയാം

(1) അവർ പഠിക്കുന്നത് നിയന്ത്രിതമായ ക്ലാസ്സ് റൂം അന്തരീക്ഷത്തിൽ ആണെങ്കിൽ

(2) മാതൃഭാഷയുടെ രൂപത്തിനോടും ശബ്ദത്തിനോടും സാമീപ്യം ഉണ്ട് എന്നു പറയാം

(3) കോളേജ് അഡ്മിഷനു കൂടുതൽ സാധ്യതകൾ ഉണ്ടെന്ന് കല്പിക്കുന്നു

(4) ജീവിത മൂല്യങ്ങളും ലക്ഷ്യങ്ങളും പ്രായോഗികതലത്തിൽ ആയി എന്ന് സങ്കല്പിക്കാം

**94.** ഒരു തലക്കെട്ടുള്ളതിന് അനവധി ഉത്തരങ്ങൾ ലിസ്റ്റ് ചെയ്ത് അടയാളപ്പെടുത്തുന്നതിന് വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയാണെങ്കിൽ ഏത് തരത്തിലുള്ള വിവരങ്ങൾ ആയിരിക്കും ഇൻപുട്ട് ടെസ്റ്റായി ഒരു ഓഡിയോ റെക്കോഡിംഗിൽ പ്ലേ ചെയ്യുമ്പോൾ ഉണ്ടാകുക. ഈ സന്ദർഭത്തിൽ വിദ്യാർത്ഥികൾ താഴെ കൊടുത്തിരിക്കുന്നവയിൽ ഏത് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നു

(1) ഇൻപുട്ടായി നല്കുന്ന ഉള്ളടക്കത്തെ തീവ്രമായി പ്രവചിക്കുന്നതിന്

(2) വസ്തുതകളെ പരിശോധിക്കുന്നതിന്

(3) ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ ഊഹിക്കുന്നതിന്

(4) വിട്ടുപോയ വിവരങ്ങൾ പൂരിപ്പിക്കുന്നതിന്

**95.** ഭാഷണം നടത്തുന്നതിനുവേണ്ടി പ്രഭാഷണം ചെയ്യാൻ വിദ്യാർത്ഥികൾ വളരെയധികം സന്തുഷ്ടരാണ്. ഇത്തരത്തിലുള്ള പ്രക്രിയ അർത്ഥമാകുന്നത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്

(1) കോശങ്ങളുടെ ഒരു നിശ്ചിത ലിസ്റ്റ് നല്കി പ്രയോഗിക്കുക

(2) ശരിയായ ഘടനയും ഉച്ചാരണവും പ്രയോഗിക്കുന്നതിൽ നിർബന്ധമാക്കുന്നതിൽ

(3) പാരായണം/ലിഖിതം എന്നീ പ്രവർത്തനങ്ങൾ കൊണ്ട് തടസ്സപ്പെടുത്തുക

(4) അവസാനം ടാസ്ക് പൂർത്തിയാകുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുക

**96.** മനുഷ്യന്റെ ചിന്തയും നല്ലരീതിയിലുള്ള ആശയ വിനിമയവുമായി (ലേഖനം/ഭാഷണം) അടിസ്ഥാന/മർമ്മ പ്രധാനമായ ബന്ധം എന്നു പറയുന്നത്

(1) അനുനാസികം

(2) ചിഹ്നനം

(3) നാദി/ശ്വാസി

(4) വ്യാകരണ ഘടനകൾ

**97.** ഒരു വീഡിയോ കാണിച്ച് ഒരധ്യാപകൻ വ്യാകരണ ഘടനകളും നിയമങ്ങളും പരിചയപ്പെടുത്തുകയാണെങ്കിൽ വിദ്യാർത്ഥികൾ അത്തരത്തിലുള്ള ഘടനകളെ ഭാഷണത്തിനും ലേഖനത്തിനും ആശയവിനിമയം ചെയ്യാൻ ഉപയോഗിക്കുകയാണെങ്കിൽ ആ ഭാഷാബോധന രീതി ഏതിൽ ഉൾപ്പെടുത്താം?

(1) രചനാത്മകമായ രീതി

(2) പ്രേരകമായ രീതി

(3) അനുമാന പ്രേരിതമായ രീതി

(4) ലഘൂകരിക്കുന്ന രീതി

**98.** അധ്യാപകൻ വിദ്യാർത്ഥിയുടെ ലേഖന പ്രവർത്തിയിൽ തെറ്റു തിരുത്തൽ എന്ന് എഴുതുകയാണെങ്കിൽ അത് ഏറ്റവും ഉചിതമായിരിക്കുന്നത് ഏതു സന്ദർഭത്തിൽ ആണ്

(1) വിദ്യാർത്ഥികൾക്ക് ആവർത്തനത്തിലുള്ള പ്രവൃത്തി കൊടുത്ത് ശരിയായ ഉത്തരങ്ങൾ പഠിക്കുന്നതുവരെ ചെയ്യുമ്പോൾ

(2) ശരിയായ ഉത്തരങ്ങൾ അധ്യാപകൻ ബോർഡിൽ എഴുതുമ്പോൾ

(3) തെറ്റായ ഉത്തരങ്ങൾ പുനഃ പരിശോധന ചെയ്യുമ്പോൾ

(4) ചിഹ്നനങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട തെറ്റുകൾ ചൂണ്ടിക്കാട്ടി വിദ്യാർത്ഥികളെ സ്വയം തിരുത്താൻ അനുവദിക്കുമ്പോൾ

**99.** മാതൃഭാഷയോ തൃതീയ ഭാഷയോ ശ്രവിച്ചതിനുശേഷം മനസ്സിലാകുന്നതിന് ക്ലാസ്സിനകത്തോ പുറത്തോ നടത്തുന്ന പ്രസന്റേഷനുകൾ വിദ്യാർത്ഥികൾക്ക് എപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കും. ഇതിനു സഹായകരമായി വിദ്യാർത്ഥികൾക്ക്:

(1) മാതൃഭാഷ മാത്രം അധ്യാപകർ പഠിപ്പിക്കുമ്പോൾ

(2) ദ്വിതീയ ഭാഷയ്ക്കോ തൃതീയ ഭാഷയ്ക്കോ കൂടുതൽ പീരിഡ് നല്കി

(3) ഭാഷ അധികം പ്രയോഗിച്ച് പരിശീലിക്കുമ്പോൾ

(4) മാതൃഭാഷയ്ക്ക് സാമീപ്യമുള്ള ഭാഷ തിരഞ്ഞെടുക്കുമ്പോൾ

**100.** പാരായണ പ്രവൃത്തി നടക്കുമ്പോൾ അപരിചിതമായ പദങ്ങളെ നേരിടുമ്പോൾ വിദ്യാർത്ഥികളെ മൊത്തത്തിലുള്ള ടെക്സ്റ്റ് അർത്ഥപരമായി ഗ്രഹിക്കുന്നതിന് പരിശീലനം നല്കാൻ -

(1) ഏറ്റവും ലഭിതമായ ടെക്സ്റ്റുകൾ തെരഞ്ഞെടുക്കുക

(2) അർത്ഥം മനസ്സിലാക്കാൻ ഉടനടി ഒരു നിഘണ്ടു നോക്കുക

(3) ഒരയൽവാസിയോടൊ അധ്യാപകനോടൊ ചോദിക്കുക

(4) സന്ദർഭമനുസരിച്ച് വിവരം പ്രയോഗിച്ച് അർത്ഥത്തിന്റെ ഏകദേശം രൂപമുള്ള മേഖല ശരിയായി ഊഹിച്ചെടുക്കുക

**101.** ഉപരിനിലയിലുള്ള പാരായണ ഗ്രഹണം കാണിക്കുന്നത് ഏതാണ്?

(1) ടെക്സ്റ്റിനുള്ളിലെ വിവിധ തരത്തിലുള്ള അർത്ഥങ്ങൾ കണ്ടുപിടിക്കുകയും ടെക്സ്റ്റിലെ പ്രധാനപ്പെട്ട സൂചിതപദങ്ങളും, പൂർണ്ണമായ വാക്യങ്ങൾ പ്രയോഗിച്ചും വിദ്യാർത്ഥികൾ സ്വന്തം വാക്കുകൾ ഉപയോഗിച്ച് പുനർലേഖനം ചെയ്യുന്നത്

(2) ലേഖനത്തിലുള്ള സൂചനകളും ടെക്സ്റ്റിലെ പ്രധാന/സൂചിതപദങ്ങളും

(3) ടെക്സ്റ്റിനുള്ളിലെ വിവിധ തരത്തിലുള്ള അർത്ഥങ്ങൾ

(4) വിദ്യാർത്ഥികൾ സ്വന്തം വാക്കുകൾ ഉപയോഗിച്ച് പുനർലേഖനം നടത്തുന്നത് ടെക്സ്റ്റിലെ പ്രധാനപ്പെട്ട/സൂചിത പദങ്ങളും ടെക്സ്റ്റിനുള്ളിലെ വിവിധ തരത്തിലുള്ള അർത്ഥങ്ങൾ കണ്ടുപിടിക്കുകയും അപൂർണ്ണമായ വാക്കുകൾ പ്രയോഗിച്ചും വിദ്യാർത്ഥികൾ സ്വന്തം വാക്കുകൾ ഉപയോഗിച്ച് പുനർലേഖനം ചെയ്യുന്നത്

**102.** ഒരു ലിഖിതരൂപത്തെ നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന കാര്യം താഴെപ്പറയുന്നവയിൽ ഏതാണ്?

(1) വ്യാകരണ ഘടനകൾ

(2) പദങ്ങളുടെ പരിമിതി

(3) ഉള്ളടക്കത്തിന്റെ പ്രാധാന്യവും അത് ആശയം എങ്ങിനെ വഹിക്കുന്നതും

(4) പദകോശത്തിന്റെ ഔന്നത്യം

**103.** പ്രവർത്തനങ്ങളിലൂടെ ഉടനടി നേട്ടത്തിനെക്കുറിച്ചുള്ള ഫീഡ്ബാക്ക് ലഭിക്കുന്നത് അനവധി സാമഗ്രികൾ റഫർ ചെയ്യാൻ ലഭിക്കുന്നതും സ്വതന്ത്രമായി പഠനം നടത്തുന്നതിനും ഏറ്റവും ഉചിതമായ ഭാഷാബോധന രീതിയാണ് -

(1) വിദൂര വിദ്യാഭ്യാസം

(2) ക്രമീകൃത പഠനം

(3) കമ്പ്യൂട്ടറിന്റെ സഹായത്തോടെ

(4) ഡയറക്ട്

**104.** മാതൃഭാഷ ഭാഷണം നടത്തുന്ന വിദ്യാർത്ഥികളും ലക്ഷ്യഭാഷ ഭാഷണം നടത്തുന്ന വിദ്യാർത്ഥികളും ഉാംപ്പെടുന്ന ഒരു ദ്വിഭാഷാ ക്ലാസ്സിന്റെ പ്രയോജനം എന്തെന്നാൽ ................ ആണ്.

(1) ക്ലാസ്സന്തരീക്ഷം തീരെ നിശ്ശബ്ദതയുള്ളതും വിദ്യാർത്ഥികാം സംസാരിക്കാതെയും ഇരിക്കും

(2) ലക്ഷ്യഭാഷയിൽ ഭാഷണം നടത്താനും പഠിക്കാനും വിദ്യാർത്ഥികളെ പ്രേരിതരാകുന്നു

(3) പ്രത്യേകം പ്രോജക്ട് വർക്കിന് ഒരു സന്ദർഭം ഒരുക്കി കൊടുക്കുന്നു

(4) ഓരോ ഭാഷയിലും വിവിധ തരത്തിലുള്ള പ്രവർത്തികാം നടത്താൻ ന്യായീകരിക്കാം

**105.** പഠിതാവു പഠിച്ചിട്ടുള്ള അറിവു പ്രയുക്തമാക്കാൻ സാധ്യമല്ലാതെ വരുന്ന ഒരു സ്ഥിതി. ഉദാഹരണത്തിനു പദങ്ങളുടെ പ്രശ്നത്തിൽ തത്തുല്യമായ പദങ്ങളോ വിവിധ തരത്തിലുള്ള രൂപങ്ങളെയോ വിദ്യാർത്ഥി പരിഭാഷപ്പെടുത്താൻ സാധിക്കാതെ വരുന്നു. അതിന് തക്കതായ പരിഹാരം താഴെ പറയുന്നവയിൽ ഏതാണ്?

(1) ആത്മധൈര്യം നല്കുന്നതിന് ലഘുവായ അസൈൻമെന്റ് മാത്രം നല്കുക

(2) കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികളുമായി ജോഡി ചെയ്ത് ഇടുക

(3) പരിപൂർണ്ണമായ ശ്രദ്ധയോടെ രൂപകല്പന ചെയ്ത അസൈൻമെന്റ് കൊടുക്കുക ഏറ്റവും ലഘുവായത് - ലഘുവായത് - സങ്കീർണ്ണമായത്

(4) ഒരേ പ്രവൃത്തി പൂരിപ്പിക്കുന്നതിന് കൂടുതൽ സമയം നല്കുക

**നിർദ്ദേശങ്ങാം :** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങാംക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **106–114**) :

ഒളിവിൽ പോകുന്നതിന് മുമ്പ് ഒരു ദിവസം വിന്നിയോടു മണ്ടേല പറഞ്ഞു: 'കരയരുത്, ഞാനൊരു സമരത്തെയാണു വിവാഹം കഴിച്ചിട്ടുള്ളത്.'

തടവറയ്ക്കുള്ളിൽ നിന്നു മണ്ടേലയും പ്രക്ഷോഭകർക്കൊപ്പം നിന്നു വിന്നിയും നയിച്ച യുദ്ധങ്ങളാണ് വർണവെറിയുടെ സാമ്രാജ്യത്തെ തകർത്തെറിഞ്ഞത്. ലോകമെമ്പാടുമുള്ള ജനാധിപത്യ പ്രേമികാംക്ക് ഇരുവരും പ്രിയപ്പെട്ടവരായതും അങ്ങനെയാണ്. ദക്ഷിണാഫ്രിക്കയുടെ അമ്മയായാണ് ആദ്യകാലത്തു വിന്നി അറിയപ്പെട്ടത്. എന്നും വിവാദനായിക. ശത്രുക്കളെ സൃഷ്ടിക്കുന്ന കാര്യത്തിലാണു വിന്നി മിടുക്കി എന്നും പരിഹസിക്കപ്പെട്ടു. ബുദ്ധിയും കഴിവും വിവേകവുമുണ്ടായിരുന്നെങ്കിലും അതൊന്നും വിന്നിയെ പിൽക്കാലത്തു രക്ഷിച്ചില്ല. സ്വതന്ത്രനായി പുറത്തുവന്ന് രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച മണ്ടേലയുടെ പിന്നിലേക്കു പ്രതിച്ഛായ നഷ്ടമായി പിൻവാങ്ങാനായിരുന്നു വിന്നിയുടെ വിധി.

മണ്ടേലയുടെ രണ്ടാം ഭാര്യയായിരുന്നു വിന്നി. ജൊഹാനസ്ബർഗിലെ വിറ്റ് വാട്ടർ സ്റ്റാൻഡ് യൂണിവേഴ്സിറ്റിയിലെ നിയമവിദ്യർത്ഥിയായിരിക്കേയാണു നെൽസൻ മണ്ടേല ആദ്യഭാര്യ ഈവ്‌ലിനെ റജിസ്റ്റർ വിവാഹം കഴിച്ചത്. പോരാളിയായ ഭർത്താവിനെ പിന്തുണയ്ക്കാൻ ഈവ്‌ലിൻ തന്റെ ക്രിസ്തീയ വിശ്വാസങ്ങാം മാറ്റിവച്ചു. മണ്ടേലയ്ക്കു താങ്ങും തണലും എന്ന നിലയിൽ നിന്ന് ഒപ്പം നിൽക്കുന്ന പോരാളിയായി ഈവ്‌ലിൻ വളർന്നു. ഇതിനിടയിൽ നാലു മക്കളുണ്ടായി. എന്നാൽ, കാറും കോളും നിറഞ്ഞതായിരുന്നു അവരുടെ ദാമ്പത്യം. ആദ്യകാലങ്ങളിൽ ഒന്നും പുറത്തറിഞ്ഞില്ലെന്നു മാത്രം.

ഇതിനിടയിലായിരുന്നു വിന്നി എന്ന സുന്ദരിയായ പോരാളി മണ്ടേലയുടെ ജീവിതത്തിലേക്കു കടന്നുവന്നത്. ഈവ്‌ലിനിൽ നിന്നു വിവാഹമോചനം നേടിയശേഷം 1958ൽ വിന്നിയെ വിവാഹം കഴിച്ചു. പതിനേഴു മാസം നീണ്ട ഏകാന്തവാസം അനുഭവിക്കേണ്ടിവന്ന ചരിത്രമുണ്ട് വിന്നിക്കും.

1936ൽ ജനിച്ച വിന്നി എഎൻസിയുടെ പ്രവർത്തക എന്ന നിലയിലാണു മണ്ടേലയെ കണ്ടുമുട്ടുന്നത്. 1958ൽ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ, അത് അവരുടെ പ്രവർത്തനങ്ങളുടെ തീവ്രത കൂട്ടി ഒപ്പം ജയിൽ വാസങ്ങളുടെയും. 1975ൽ എഎൻസിയുടെ വിമൻസ് ലീഗിന്റെ നേതാവായി. എന്നും സമരങ്ങളുടെ മുൻ നിരയിലായിരുന്നു വിമൻസ് ലീഗും വിന്നിയും. തീപ്പൊരി ചിതറുന്ന പ്രസംഗങ്ങളും അനുതാപമുള്ള പെരുമാറ്റവും അവരെ ജനങ്ങളുടെ പ്രിയപ്പെട്ടവളാക്കി. മണ്ടേല യുണൈറ്റഡ് ഫുട്ബോൾ ടീം ആണു വിന്നിയുടെ ജീവിതത്തിൽ കരിപുരട്ടിയത്. ഈ ടീം ഒരു ഗുണ്ടാ സംഘമായി അധഃപതിച്ചു. സ്റ്റോം പിസിപി എന്ന 14 വയസ്സുകാരനെ തട്ടിയെടുത്തു പീഡിപ്പിച്ചുകൊന്നത് ഈ സംഘമായിരുന്നു. ഈ സംഭവം നടന്നതു മണ്ടേല ജയിൽ മോചിതനാകുന്നതിനു തൊട്ടുമുൻപായിരുന്നു.

ജയിലിൽ നിന്നു വന്ന മണ്ടേല വിന്നിക്കൊപ്പം നിന്നു. കേസിൽ വിന്നി നിരപരാധിയാണെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ വിന്നിയുടെ മറ്റു ചില ബന്ധങ്ങൾ കുടുംബത്തിൽ വിള്ളൽ വീഴത്തി. പിന്നാലെ വിവാഹമോചനം.

ആദ്യ പ്രസിഡന്റായി മണ്ടേല സത്യപ്രതിജ്ഞ ചെയ്ത ചടങ്ങിലേക്കു വിന്നിയെ ക്ഷണിക്കുക പോലും ചെയ്തില്ല.

വിമൻസ് ലീഗ് അധ്യക്ഷയെന്ന നിലയിൽ പിന്നെയും ശക്തയായി തുടർന്നെങ്കിലും വിന്നി ക്രമേണ അപ്രസക്തയായി.

2010 ഫെബ്രുവരി 11നു മണ്ടേലയെ മോചിപ്പിച്ചതിന്റെ ഇരുപതാം വാർഷികം ആഘോഷിക്കുമ്പോൾ മാധ്യമങ്ങളുടെ ശ്രദ്ധയാകർഷിച്ചു കൊണ്ടു മണ്ടേലയുടെ സമീപം വിന്നി ഇരുന്നു, മുൻ ഭാര്യയെന്ന നിലയിലല്ല എഎൻസി നേതാവ് എന്ന നിലയിൽ.

**106.** മണ്ടേലയുടെ പോരാട്ടത്തിൽ ആദ്യഭാര്യ ഈവ്ലിൻ എങ്ങനെയാണ് അദ്ദേഹത്തെ പിന്തുണച്ചത്?

(1) ജിജ്ഞാസയോടെ

(2) താങ്ങും തണലുമായി

(3) വിവാദപരമായി

(4) ആശാഭരിതയായി

**107.** നാലു മക്കളുള്ള മണ്ടേലയുടെ ആദ്യ ഭാര്യയുമായിട്ടുള്ള ജീവിതം ഏതു തരത്തിലായിരുന്നു?

(1) സമാധാനപരമായിരുന്നു

(2) അതീവ സന്തോഷത്തോടെയായിരുന്നു

(3) സ്നേഹത്തോടെയായിരുന്നു

(4) സംഘർഷഭരിതമായിരുന്നു

**108.** വർണവെറിയന്മാരുടെ സാമ്രാജ്യത്തെ തകർത്തെറിയാൻ മണ്ടേലയുടെ ഭാര്യമാരിൽ മുൻപന്തിയിൽ നിന്നതാരാണ്

(1) വിന്നി

(2) ആരുമല്ല

(3) ഈവ്ലിനും വിന്നിയും

(4) ഈവ്ലിൻ

**109.** ഒളിവിൽ പോകുന്നതിന് മുൻപ് വിന്നിയോടു മണ്ടേല പറഞ്ഞതിന്റെ ചുരുക്കം എന്തായിരുന്നു

(1) കരയാൻ പാടില്ല, ഒരു പ്രസ്ഥാനത്തെയാണ് വിവാഹം കഴിച്ചത്

(2) കറുത്ത വർഗ്ഗക്കാരുടെയിടയിലും സംഘർഷമുണ്ട്

(3) വർണ്ണവിവേചനം ദോഷമാണ്

(4) കരയരുത്, താൻ പോയിവരാമെന്ന്

**110.** ജനാധിപത്യ പ്രേമികൾക്ക് ഇരുവരും പ്രിയപ്പെട്ടവരായത് എന്ന വാക്യത്തിൽ 'ഇരുവരും എന്ന് സൂചിപ്പിക്കുന്നത് ആരെയാണ്?

(1) മണ്ടേലയും തെംബെകിലയും

(2) മണ്ടേലയും ഈവ്‌ലിനും

(3) മണ്ടേലയും, വിന്നി മണ്ടേലയും

(4) മണ്ടേലയും ഗ്രേസയും

**111.** ഏതു തരത്തിലുള്ള പ്രസംഗങ്ങളാണ് വിന്നി മണ്ടേല നടത്തിയിരുന്നത്?

(1) ഗാഢമായ

(2) തീപ്പൊരി

(3) തീവ്രതയുള്ള

(4) ശാന്തമായ

**112.** ഏതു സംഭവമാണ് വിന്നിയുടെ രാഷ്ട്രീയ ജീവിതത്തിൽ കുരിപുരണ്ടത് ആക്കിയത്

(1) ക്രിസ്തു മതത്തിൽ ചേർന്നതുകൊണ്ട്

(2) എ.എൻ.സി.യിൽ ചേർന്നതുകൊണ്ട്

(3) ഗുണ്ടാസംഘം

(4) മണ്ടേല യുണൈറ്റഡ് ഫുട്ബോൾ ടീമുമായി ബന്ധപ്പെട്ടതുകൊണ്ട്

**113.** 'നിരപരാധി' എന്ന പദത്തിന്റെ വിപരീത പദം ഏതാണ്?

(1) രാഷ്ട്രീയ പ്രവർത്തകൻ

(2) അപരാധി

(3) പരാതി

(4) കൊലയാളി

**114.** തന്നിരിക്കുന്ന ഖണ്ഡികയിൽ 'കാറും കോളും' എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്താണ്?

(1) സമാധാനം

(2) ആശ്ചര്യം

(3) ആനന്ദം

(4) സംഘർഷം

*നിർദ്ദേശങ്ങൾ:* താഴെ കൊടുത്തിരിക്കുന്ന പദ്യം വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **115–120**) :

ഒരുപാട്ടു പിന്നെയും പാടിനോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരിക്കാട്ടുപക്ഷി
മഴു തിന്ന മാമരക്കൊമ്പിൽ തനിച്ചിരു-
ന്നൊടിയാച്ചിറകു ചെറുതിളക്കി
നോവുമെന്നോർത്തോ? പതുക്കെയനങ്ങാതെ
പാവം പണിപ്പെട്ടു പാടിടുന്നു!
ഇടറുമിഗ്ഗാനമൊന്നേറ്റു പാടാൻ കൂടെ-
യിണയില്ല കൂട്ടിന്നു കിളികളില്ല.
പതിവുപോൽ കൊത്തിപ്പിരിഞ്ഞുപോയ് മെയ്ച്ചൂടി-
ലടവച്ചുണർത്തിയ കൊച്ചുമക്കൾ
ആർക്കുമല്ലാതെ, വെളിച്ചവും ഗാനവും
കാറ്റും മനസ്സിൽ കുടിയിരുത്തി
വരവായൊരന്തിയെക്കണ്ണാലുഴിഞ്ഞുകൊ-
ണ്ടൊരു കൊച്ചുരാപ്പൂവുണർന്ന നേരം
ഒരുപാട്ടുകൂടി പതുക്കെ മൂളുന്നിതാ
ചിറകൊടിഞ്ഞുള്ളൊരീക്കാട്ടുപ്പക്ഷി!

**115.** മഴുതിന്ന മാമരക്കൊമ്പിൽ തനിച്ചിരുന്നു പാട്ടുപാടേണ്ടി വന്ന സ്ഥിതിയ്ക്ക് ആരാണ് ഉത്തരവാദികൾ?

(1) വേടൻ

(2) കിളി

(3) മഴു

(4) മരം വെട്ടിയവർ

**116.** എന്തുകൊണ്ട് കിളിയുടെ ശബ്ദം ഇടറുന്നു?

(1) ക്ലേശം

(2) ഉല്ലാസം

(3) സന്തോഷം

(4) ദുഃഖം

**117.** 'പണിപ്പെട്ട്' എന്ന വാക്കിന്റെ അർഥമെന്താണ്?

(1) ആസ്വദിക്കപ്പെട്ട്

(2) പണിചെയ്തു

(3) വിശ്രമിച്ചു

(4) ശ്രമപ്പെട്ടു

**118.** 'ഉണർത്തിയ' എന്ന പദം ഉപയോഗിച്ചിരിക്കുന്നതേതർഥത്തിലാണ്?

(1) ഉറക്കം ഉണർത്തിയ

(2) മുട്ട കൊത്തിവിരിച്ച

(3) മുട്ട കൊത്തി വിടർത്തിയ

(4) മുട്ട അടവച്ച

**119.** താഴെ കൊടുത്തിരിക്കുന്ന പ്രസ്ഥാവനകളിൽ ഏറ്റവും ശരിയായതു ഏതാണ്?

(1) മരം വെട്ടിയതുകൊണ്ടു കിളിക്കുണ്ടായ ദുഃഖം ആണ് കവിതയുടെ പ്രധാനാശയം

(2) മരം വെട്ടിയതുകൊണ്ടു മരം വെട്ടുകാർക്ക് ഉപയോഗപ്രദമാണ് കവിതയുടെ പ്രധാനാശയം

(3) മരം വെട്ടിയതുകൊണ്ടു കിളിയ്ക്കു കൂടു ഇല്ല

(4) മരം വെട്ടിയതുകൊണ്ട് കിളിയ്ക്കു ചില്ലകളിൽ ഇരിക്കാൻ സാധിച്ചില്ല

**120.** ഏതു തരത്തിലുള്ള പക്ഷിയാണ് പാട്ടു പാടിയത്?

(1) കൊത്തിപ്പിരിഞ്ഞുപോയ

(2) ചിറകു ഒടിഞ്ഞുപോയ

(3) ചുണ്ടു ഒടിഞ്ഞുപോയ

(4) ചിറകു തളർന്നുപോയ

**Candidates should answer questions from the following Part only if they have opted for MALAYALAM as LANGUAGE—II**

## ഭാഗം—V : ഭാഷാ—II

## മലയാളം

*നിർദ്ദേശങ്ങൾ:* ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (**121–135**) :

**121.** അവരവരുടെ അറിവിന്റെ രചനാത്മകളാണ് പഠിതാക്കൾ. ഇത് ഒരു ഭാഷാക്ലാസ്സിൽ നേടുന്നത് ഏത് രീതിയിൽ ആണ്

(1) വ്യക്തികളുടെ പ്രോജക്ട് വർക്ക് അധ്യാപകൻ സശ്രദ്ധം നിരീക്ഷിക്കുന്നത്

(2) ലക്ഷ്യഭാഷയിൽ ധാരാളം വായിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച്

(3) വിദ്യാർത്ഥികളുടെ ഭാഷാ ആർജ്ജന കഴിവുകളെ അടിസ്ഥാനമാക്കി പഠന സാമഗ്രികൾ ആവശ്യാനുസരണം നല്കുക

(4) പഠനപ്രക്രിയയിൽ ഒത്തൊരുമിച്ചും ആദാനപ്രദാനം നടത്തിയും വ്യക്തിഗതവും ജോഡി ചേർന്നും ഉള്ള പ്രവൃത്തികളിൽ ഏർപ്പെട്ടു

**122.** ലക്ഷ്യഭാഷയിൽ അനായാസമായി ഭാഷണം നടത്തുന്നതിനും അത് പ്രയോഗിക്കുന്നതിനും അധ്യാപകൻ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടത് എങ്ങിനെ?

(1) ദൃശ്യരൂപങ്ങളിലൂടെ

(2) ഏതു ഭാഷയിൽ സംഭാഷണം നടത്താനും വിദ്യാർത്ഥികളെ അനുവദിച്ചുകൊണ്ട്

(3) സാധാരണ ക്ലാസ്സുമുറികളിൽ ആദാന പ്രദാന വേളകളിൽ വാക്യങ്ങൾ പ്രയോഗിക്കാൻ നിർബന്ധിക്കുകയും അതേ മാതൃക തുടർന്നു ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു

(4) അടിക്കടിയുള്ള ലേഖനവും ഭാഷണവും നടത്തുമ്പോൾ ഉള്ള നിർണ്ണയത്തിനെ അടിസ്ഥാനമാക്കി

**123.** നൈസ്സർഗികമായി ഭാഷാർജ്ജനം നമ്മൾ നടത്തുകയാണെങ്കിൽ അത് എങ്ങിനെയിരിക്കും

(1) നല്ല രീതിയിലുള്ള ആശയവിനിമയത്തിൽ ഊന്നൽ കൊടുത്തുകൊണ്ട്

(2) രൂപം എങ്ങിനെ പറയുന്നതിനെക്കാൾ അർത്ഥപരമായി ബന്ധപ്പെടുത്തിയും ഊന്നൽ കൊടുത്തും ഉള്ള രീതി

(3) രക്ഷിതാക്കളിൽ നിന്നും ശ്രവിച്ചുകൊണ്ട്

(4) സ്വയമേ പാരായണം നടത്തിയും ആർജ്ജിച്ച കോശങ്ങളെ പ്രയുക്തമാക്കികൊണ്ടും

**124.** ശ്രവ്യ ഇൻപുട്ടുകൾക്ക് പ്രത്യേകം നോട്ടുകൾ തയ്യാറാക്കി പഠിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയാണെങ്കിൽ അത്തരം പ്രക്രിയയെ .............. എന്നു വിളിക്കുന്നു.

(1) വ്യാഖ്യാനം

(2) വിവരം കൈമാറൽ

(3) പ്രവചനം

(4) ഓർമ്മിച്ചെടുക്കൽ

**125.** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ഏതു ഭാഷണശേഷി പരിശീലിക്കുന്നതിനു വേണ്ടിയാണ്?

വിദ്യാർത്ഥി 1 : നിനക്കെത്ര വയസ്സായി?

വിദ്യാർത്ഥി 2 : 10 വയസ്സായി

വിദ്യാർത്ഥി 1 : 10 വയസ്സേ ആയുള്ളോ?

വിദ്യാർത്ഥി 2 : അതെ, എനിക്ക് 10 വയസ്സ് ആയേ ഉള്ളൂ, ഞാൻ ഇപ്പോ 5-10 ക്ലാസ്സിൽ ആ

(1) പാരായണം

(2) ഭാഷണം

(3) ലേഖനം

(4) ശ്രവണം

**126.** ഭാഷയിലെ രൂപ മാതൃകകളും വ്യാകരണങ്ങളും ബന്ധപ്പെടുത്തി കൊണ്ട് പഠിക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയുന്നത് .......

(1) വ്യാകരണം പഠിക്കുന്നതിനുവേണ്ടി ആയിരിക്കണം ഏറ്റവും പ്രാമുഖ്യം നല്കേണ്ടത്

(2) അടിസ്ഥാനപരമായ ആശയവിനിമയ ശേഷിയ്ക്ക് വ്യാകരണം അത്യന്തപേക്ഷിതമാണ്

(3) ലേഖനത്തിന്റെ ശൈലി വ്യാകരണം കാരണം സ്വാധീനിക്കപ്പെടുന്നു

(4) അവരുടെ ആശയവിനിമയശേഷി ക്രിയാത്മകവും കലാപരവും ആയി വികസിക്കുകയും ആശയ വിനിമയം അർത്ഥപൂർണ്ണമാക്കാനും സാധിക്കും

**127.** വിദ്യാർത്ഥികൾക്ക് ലേഖനം എന്നത് അത്യധികം സങ്കീർണ്ണവും വെല്ലുവിളിയും ആയ പ്രവൃത്തികളായതു കൊണ്ട് അധ്യാപകർ ഏറ്റവും ഊന്നൽ കൊടുക്കേണ്ടത് ഏതിനായിരിക്കണം?

(1) അർത്ഥപൂർണ്ണമായ ആശയവിനിമയം നടത്തുന്നതിനുള്ള വ്യകരണ ബോധം അത്യന്താപേക്ഷിതമാണ്

(2) വ്യാകരണ ഘടനയുടെ ഡ്രിൽ നടത്തിയുള്ള പരിശീലനം

(3) വ്യാകരണ പ്രയോഗത്തിലെ ശരിയായ രൂപത്തിനെക്കാൾ വിദ്യാർത്ഥികളുടെയിടയിൽ ലക്ഷ്യ ഭാഷയുടെ പ്രയോഗത്തിൽ ആത്മധൈര്യം നൽകണം

(4) ലഘുവായ ടാസ്കുകൾ നൽകിയും ചെറിയ രീതിയിൽ വ്യാകരണ പരിശീലനം നടത്തിയും

**128.** ഏറ്റവും കൂടുതൽ നൈസർഗികമായി വ്യാകരണ ബോധനം വിദ്യാർത്ഥികളിൽ ഉദ്ഗ്രഥിച്ചിട്ടുണ്ട് എന്നു പറയുന്നത് എപ്പോഴാണ്?

(1) അടിക്കടി അധ്യാപകർ ചെറിയ ഗ്രാമർ ക്ലാസ്സുകൾ നടത്തുമ്പോൾ

(2) വിദ്യാർത്ഥികളുടെ ലേഖനങ്ങളിലും ഭാഷണങ്ങളിലും ഉണ്ടാകുന്ന തെറ്റുകളെ അവർതന്നെ പുനഃപരിശോധിക്കുകയും സംശോധന നടത്തുമ്പോഴും ആണ്

(3) അധ്യാപകർ ചില വിരളമായ ശേഷികൾ വികസിപ്പിക്കുന്നതിനു മാത്രം ബോധനം നടത്തുമ്പോൾ

(4) ഔപചാരികമായ ലേഖനത്തിനോ ഭാഷണത്തിനോ മുൻപെ വ്യാകരണ ഡ്രില്ലുകൾ നടത്തുമ്പോൾ

129. പൊതുവായിട്ടുള്ള ഭാഷാബന്ധിത പ്രശ്നങ്ങൾക്ക് വിവിധ തരത്തിലുള്ള ഭാഷാർജ്ജിത ശൈലികളെ അടിസ്ഥാനമാക്കി വിപുലപ്പെടുത്തുകയാണെങ്കിൽ, ഉദാഹരണമായി ഒരു ആർജ്ജിത ശൈലി എന്നു പറയുന്നത് താഴെ പറയുന്നതിൽ ഏതാണ്?

(1) ഊന്നൽ കൊടുത്തുകൊണ്ട്

(2) ഉറക്കെ

(3) നിശബ്ദതയോടെ

(4) പ്രിന്റ് ചെയ്തിട്ടുള്ള

130. പാഠം, ചെടികൾ എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. അധ്യാപകൻ വിദ്യാർത്ഥികളോട് അവരുടെ അനുഭവത്തെക്കുറിച്ച് പറയുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം അധ്യാപകൻ വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളാക്കി അവർ ചെടിയുടെ ചിത്രം വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്താൻ ആവശ്യപ്പെട്ടു. ശേഷം ഓരോ ഗ്രൂപ്പിലെയും പ്രതിനിധി അവരുടെ ടാസ്ക് അവതരിപ്പിച്ച് വരച്ച ചിത്രങ്ങളെക്കുറിച്ച് വിശദീകരിച്ചു

(1) ചിത്രരചനയിലൂടെയും അടയാളപ്പെടുത്തലിലൂടെയും ചെടികളെക്കുറിച്ച് അറിവു നേടുന്നു

(2) ആ രീതിയെക്കുറിച്ചോ വിഷയത്തിനെക്കുറിച്ചോ പ്രത്യേകരീതിയിലുള്ള ഭാഷ പ്രയോഗിക്കുന്നു

(3) ഒന്നുമാത്രം (1)

(4) 1ഉം 2ഉം

131. വസ്തുതാപരമായ ടെക്സ്റ്റുകൾ വായിച്ച് മനസ്സിലാക്കുന്നതിനെക്കാൾ വ്യത്യസ്തമാണ് ഒരു പദ്യം വായിച്ചു മനസ്സിലാക്കുന്നത്. കാരണം വിദ്യാർത്ഥി താഴെ പറയുന്നവയിൽ ഏതു കാര്യം ആണ് പ്രത്യക്ഷമായി അറിഞ്ഞിരിക്കേണ്ടത്

(1) കവിയുടെ ആശയം നിർണ്ണയിക്കുകയും ശൈലിയെ കൂടുതൽ ആശ്രയിക്കുകയും ചെയ്യുന്നത്

(2) ബുദ്ധിപരമായ വ്യാഖ്യാനം

(3) ആശയത്തിനെ അടിസ്ഥാനമാക്കി വിഷയാസ്പദമായ വ്യാഖ്യാനം വൈകാരികമായ പ്രകടനത്തോടെ

(4) വൈകാരികമായ പ്രകടനവും ഉള്ളടക്കത്തിലെ ആശയം നിർണ്ണയിക്കാൻ ബുദ്ധിപരമായ വ്യാഖ്യാനവും

132. ഒരു ലേഖനം നിർണ്ണയിക്കുമ്പോൾ ഏതു ഭാഗത്താണ് ഏറ്റവും കൂടുതൽ പ്രധാനമായ വിവരങ്ങൾ ആവർത്തനമില്ലാതെ കൊടുത്തിരിക്കുന്നത്

(1) ആമുഖം

(2) ഉപസംഹാരം

(3) പാരഗ്രാഫ് 2

(4) മധ്യഭാഗം

**133.** ഉച്ചാരണ വിഷയത്തിൽ ലക്ഷ്യഭാഷ ക്ലാസ്സുമുറിയിൽ പ്രയോഗിക്കുന്നത് ടെക്നോളജിയുടെ സഹായത്തോടെ പ്രേരിപ്പിക്കുകയാണെങ്കിൽ താഴെ കൊടുത്തിരിക്കണവയിൽ ഏറ്റവും ഉചിതമല്ലാത്ത ഉദാഹരണം ഏതാണ്

(1) പോഡ്കാസ്റ്റ് റെക്കോഡു ചെയ്യുന്നതും ശ്രദ്ധിക്കുന്നതും

(2) പവ്വർ പോയിന്റ് പ്രസന്റേഷൻ നടത്തുമ്പോൾ വിവരിക്കുന്നത്

(3) വൈറ്റ്ബോർഡ് ഉപയോഗിക്കുന്നത്

(4) റോൾ-പ്ലേ നടത്തുന്നത്

**134.** മാതൃഭാഷ മാത്രം കൂടുതൽ സംസാരിക്കുന്ന വിദ്യാർത്ഥികൾ ഉള്ള ക്ലാസ്സിൽ ഒരു വിദേശഭാഷാ ക്ലാസ്സിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാ സബ്ജക്റ്റ് അധ്യാപകരും അറിഞ്ഞിരിക്കേണ്ടതാണ് –

(1) പുതിയ ഭാഷയിലെ ശേഷി വർദ്ധിപ്പിക്കുന്നതിനു മാതൃഭാഷയിലെ പാട്ട് പാടാതിരിക്കുക

(2) ലക്ഷ്യഭാഷയിലുള്ള ആർജ്ജനം പരിപൂർണ്ണമായി നേടിയിരിക്കില്ല

(3) അവരുടെ പരസ്പര ആശയവിനിമയത്തിലൂടെ കരിക്കുലത്തിന്റെ ഉള്ളടക്കം പഠിക്കുകയും അതോടൊപ്പം പുതിയ ഭാഷ ആർജ്ജിക്കുകയും ചെയ്യുമെന്നു

(4) അത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സ് നല്കണം

**135.** പദകോശങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ അറിവില്ലാത്തതു കൊണ്ട് ഒരു വിദ്യാർത്ഥി ലേഖനം നടത്തുമ്പോൾ അവന്റെ/അവളുടെ ആശയങ്ങൾ വെളിപ്പെടുത്താൻ പറ്റിയെന്ന്വരില്ല. അതിന് തക്കതായ പരിഹാരം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(1) കാലാനുക്രമത്തിൽ വാക്കുകളെക്കുറിച്ചുള്ള കേട്ടെഴുത്ത് നല്കിയും ഡ്രിൽ ചെയ്യിപ്പിച്ചും ലേഖന ശേഷി വർദ്ധിപ്പിക്കുന്നതിനു സ്പെഷ്യൽ ക്ലാസ് നടത്തിയും

(2) കൂടുതൽ കഥാപുസ്തകങ്ങൾ വിദ്യാർത്ഥിയെ കൊണ്ട് വായിക്കാൻ പ്രേരിപ്പിക്കുകയും അനൗപചാരികമായി അധ്യാപകൻ ഫീഡ്ബാക്ക് എടുത്തു പുതിയ വാക്കുകളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യു

(3) വിദ്യാർത്ഥിയുടെ ശേഷിക്ക് അനുസരിച്ച് വിഷയം മാറ്റിയെഴുതിപ്പിക്കുക

(4) കുറെ പദങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവയുടെ അർത്ഥം നല്കി അവ പഠിച്ചതിനുശേഷം പ്രയോഗിക്കാൻ തയ്യാറാക്കുക

***നിർദ്ദേശങ്ങൾ:*** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **136–144**) :

'നിശബ്ദത പാലിക്കുക' എന്നു ചില സ്ഥലങ്ങളിൽ എഴുതിവച്ചിരിക്കുന്നതു കാണാം. ലൈബ്രറികളിൽ ആരാധനാലയങ്ങളിൽ, ആശ്രമാങ്കണങ്ങളിൽ, തീവ്രപരിചരണ കേന്ദ്രങ്ങളിൽ ഇങ്ങനെ പലയിടത്തും. സ്ഥലത്തിന്റെ പവിത്രതകൊണ്ടും പൊതുസ്ഥലമായതിനാൽ മറ്റുള്ളവർക്കു പ്രയാസം വരാതിരിക്കാൻ ഉദ്ദേശിച്ചുകൊണ്ടും മറ്റുമായിരിക്കും ആ കുറിപ്പ്. പക്ഷേ പലരും അതു കണ്ടതായി ഗൗനിക്കാറില്ല എന്നുള്ളതും യാഥാർഥ്യമാണ്.

ശബ്ദമലിനീകരണം ഇന്ന് ദുസ്സഹമായ വിധത്തിൽ എത്തിയിരിക്കുന്നു. ആരാധനാലയങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നത് അവിടെയെത്തുന്ന വിശ്വാസികളെ ഉദ്ദേശിച്ചല്ല, പ്രാന്തപ്രദേശത്തിലെ ജനങ്ങളെയും ജീവ ജാലങ്ങളെയും ലക്ഷ്യം വച്ചുകൊണ്ടാണെന്നു വ്യക്തം. ഒന്നോ അതിലധികമോ കിലോമീറ്റർ അകലത്തിൽ വരെ ശബ്ദമെത്തിക്കുന്നതിലാണു കൃതാർഥത

മാത്സര്യ ബുദ്ധിയോടെയാണ് പലരും ഇപ്രകാരം വർത്തിക്കുന്നതെന്നു തോന്നിപ്പോകും. കൂടാതെ രാഷ്ട്രീയക്കാരുടെ പ്രചാരണ കോലാഹലങ്ങളും മത്സരിച്ചുള്ള പ്രകടന മാമാങ്കങ്ങളും അന്തരീക്ഷത്തെ ശബ്ദായമാനമാക്കുന്നു. ഭവനത്തിലായാലും ടീവി മൗനമാകുന്നതു രാത്രി വൈകി മാത്രമാണ്. സ്വച്ഛമായ ഒരന്തരീക്ഷത്തിൽ അൽപസമയം കഴിച്ചു കൂട്ടാൻ സാധിക്കാത്ത അവസ്ഥയിലാണ് നാം. അനിയന്ത്രിയമായ ശബ്ദകോലാഹലമാണ് ആധുനികതയുടെ പ്രധാന ശാപങ്ങളിലൊന്ന്.

പ്രകൃതി നൽകുന്ന പാഠം നിശബ്ദതയിലാണ് മനോഹരമായ പലതും സംഭവിക്കുന്നത് എന്നത്രേ. സുഗന്ധവാഹിയായ പുഷ്പങ്ങൾ വിരിഞ്ഞ് അന്തരീക്ഷത്തെ ഹൃദ്യമാകുന്നത് നിശബ്ദതയിലാണ്. സൂര്യൻ പൊൻ കതിരുകൾ വിതറി ഉദിക്കുന്നതും അസ്തമിക്കുന്നതും നിശബ്ദതയിൽ തന്നെ. ആധ്യാത്മികതയും നിശബ്ദതയും നമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. അദൃശ്യനും അപരിമേയനുമായ ദൈവത്തോടു ബന്ധപ്പെടാൻ മനുഷ്യാത്മാവിനു സാധിക്കുന്നത് പ്രശാന്തവും നിശബ്ദവുമായ അന്തരീക്ഷത്തിലാണ്. അതിനാണ് സന്യാസിവര്യന്മാർ മരുഭൂമിയിലേയും, വനാന്തരങ്ങളിലേക്കും പിൻവാങ്ങുന്നത്. ഏലിയാ പ്രവാചകന്റെ അനുഭവം ബൈബിളിൽ വിവരിക്കുന്നു. നിരാശ ബാധിച്ച് പർവതത്തിലേക്കു പിൻവാങ്ങിയ പ്രവാചകൻ അഭിമുഖീകരിച്ചത് ഒരു കൊടുങ്കാറ്റ്. അതിൽ യഹോവ ഇല്ലായിരുന്നു. കാറ്റിന്റെശേഷം ഒരു ഭൂകമ്പം. അതിലും യഹോവ ഇല്ലായിരുന്നു. പ്രകമ്പനം കൊള്ളിക്കുന്ന സാഹചര്യങ്ങളിൽ ഒന്നും യഹോവ ഇല്ലായിരുന്നു അതിനുശേഷം ഒരു പ്രശാന്തത. അവിടെ ഒരു മൃദുസ്വരം ഉണ്ടായി. അപ്പോൾ ദൈവശബ്ദം ശ്രവിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

സങ്കീർത്തകനിൽക്കൂടി ലഭിക്കുന്ന ദൈവത്തിന്റെ സന്ദേശം "Be still, and know that I am God" നിശബ്ദമായും നിശ്ചലനായും ഇരുന്ന് ഏകാഗ്രമായ ധ്യാനത്തിൽ ദൈവത്തെ അറിയുക അഥവാ ദൈവത്തോടു സംസർഗം ചെയ്യുക എന്നാണ്. നിശബ്ദതയിൽ ദൈവത്തെ ആരാധിക്കുന്ന അനുഭവം നാം പരിശീലിക്കേണ്ടതാണ്, അതിന് പഞ്ചേന്ദ്രിയങ്ങളും നിയന്ത്രിച്ച്, മനസ്സിനെ ഏകാഗ്രമാക്കിക്കൊണ്ട് സാന്നിധ്യബോധം തിരിച്ചറിയുക. ആ ഏകാഗ്രതയിൽ നമ്മുടെ ഹൃദയം സജീവമാകട്ടെ. ദുഃഖാർത്തയായ ഒരു സ്ത്രീ അവളുടെ അനുഭവം വെളിപ്പെടുത്തുന്നു. ''ഞാൻ എന്റെ ഹൃദയം ദൈവസന്നിധിയിൽ പകരുകയായിരുന്നു.''

ദൈവസംസർഗത്തിനല്ലാതെ സാമൂഹികബന്ധങ്ങളിൽ മൗനം പാലിക്കേണ്ട സന്ദർഭങ്ങളുമുണ്ട്. അതു തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ പല സംഘർഷങ്ങളും ഒഴിവാക്കാനും ബന്ധങ്ങൾ ശിഥിലമാകാതെ സൂക്ഷിക്കാനും സഹായിക്കും. മതഭ്രാന്തന്മാരായ ആളുകളുടെ മുമ്പിലും ഭോഷത്തം സംസാരിക്കുന്ന വിടുവായന്മാരുടെ മുമ്പിലും മൗനം പാലിക്കുന്നതാണ് കരണീയം (fools and fanatics). അല്ലെങ്കിൽ നാമും അവരുടെ അവസ്ഥയിലേക്കു വഴുതിപ്പോകും.

**136.** നിങ്ങൾ വായിച്ച ഖണ്ഡികയുടെ പ്രധാനാശയം എന്താണ്?

(1) ശബ്ദം ഉണ്ടാക്കുന്ന വിപത്ത്

(2) സമാധാനം

(3) ശാന്തത

(4) കോലാഹലം

137. 'നിശബ്ദത പാലിക്കുക' എന്ന് എഴുതി വച്ചിട്ടുണ്ടെങ്കിലും അത്തരം സ്ഥലങ്ങളിൽ അത് പാലിക്കുന്നില്ല. ഈ ആശയം ഏത് പദം ഉപയോഗിച്ച് വ്യക്തമാക്കാം

(1) വിചാരിക്കാറുണ്ട്

(2) ശ്രദ്ധിക്കാറുണ്ട്

(3) ഗൗനിക്കാറില്ല

(4) ഓർക്കാറുണ്ട്

138. ശബ്ദകോലാഹലത്തിന്റെ ദുഃസ്സഹമായ അനുഭവം ഓരോരുത്തരും തമ്മിൽ ............ ബുദ്ധിയോടെയാണ് പ്രവർത്തിക്കുന്നത്.

(1) കൂർമ്മ

(2) വിവേക

(3) ജിജ്ഞാസ

(4) മൽസര

139. പ്രകൃതി നമ്മളെ പഠിപ്പിക്കുന്നത് ഏറ്റവും മനോഹരമായത് പലതും സംഭവിക്കുന്നത് മനുഷ്യനു ഹൃദ്യമാക്കുന്നതും......... ആണ്.

(1) നിശബ്ദതയിൽ

(2) കർണ്ണകഠോരമായ ശബ്ദത്തിൽ

(3) സമാധാനത്തിൽ

(4) വിവാദത്തിൽ

140. മരുഭൂമിയിലേക്കും വനാന്തരങ്ങളിലേക്കും സന്യാസിമാർ പിൻവലിയുന്നത് എന്തുകൊണ്ടാണ്?

(1) ദൈവ സന്നിധിയിലെത്താൻ

(2) കോലാഹലമായ അന്തരീക്ഷത്തിനു വേണ്ടി

(3) പ്രശാന്തവും നിശബ്ദവുമായ അന്തരീക്ഷത്തിനു വേണ്ടി

(4) ശബ്ദമുഖരിതമായ അന്തരീക്ഷത്തിനു വേണ്ടി

**141.** ഏകാഗ്രമായ ധ്യാനം എന്ന് ഉദ്ദേശിക്കുന്നത്

(1) ദൈവത്തോടു സംസർഗ്ഗം ചെയ്യുക

(2) ദുഃഖത്തോടെ പ്രാർത്ഥിക്കുവാൻ

(3) പിശാചിനോടു് സംസർഗ്ഗം ചെയ്യുക

(4) യഹോവയോടു സംസർഗ്ഗം ചെയ്യുക

**142.** ആരുടെയൊക്കെ മുമ്പിലാണ് മൗനം പാലിക്കേണ്ടത്?

(1) മതഭ്രാന്തന്മാരുടേയും ഭോഷത്വം സംസാരിക്കുന്ന വിടുവായൻമാരുടേയും മുമ്പിൽ

(2) മണ്ടൻമാരുടെ മുമ്പിൽ

(3) ബുദ്ധിമാൻമാരുടെ മുമ്പിൽ

(4) രാഷ്ട്രീയനേതാക്കന്മാരുടെ മുമ്പിൽ

**143.** ഭോഷത്തം എന്ന വാക്കിന്റെ അർത്ഥം

(1) സത്യം പറയുക

(2) വീമ്പുപറയുക

(3) സ്വയം പുകഴ്ത്തൽ

(4) കള്ളം പറയുക

**144.** 'ദുഃസ്സഹമായ' എന്ന വാക്കിന്റെ വിപരീതം

(1) ബുദ്ധിമുട്ട്

(2) നിശബ്ദത

(3) പതുക്കെ

(4) സഹനീയം

***നിർദ്ദേശങ്ങൾ:*** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (ചോദ്യം **145–150**) :

കുട്ടികളുടെ നാടകവേദിക്ക് മൂന്നു മുഖ്യ ഘടകങ്ങളുണ്ട്. ഒന്ന്: നാടകകൃത്ത് അഥവാ കൃതി. രണ്ട്: അരങ്ങ് അല്ലെങ്കിൽ അവിടെ വ്യാപരിക്കുന്ന നടീനടന്മാർ. മൂന്ന്: പ്രേക്ഷകർ. ഇതിൽ ഏതൊരു നാടകവേദിയുടെയും മുഖ്യ സ്വഭാവം വെളിപ്പെടുത്തുന്നത് ഒടുവിൽ പറഞ്ഞ ഘടകമാണ് - പ്രേക്ഷകർ. മുതിർന്നവരുടെ - അവരിൽത്തന്നെ വിദ്യാസമ്പന്നരുടെ-വിദ്യാവിഹീനരുടെ, നഗരവാസികളുടെ, നാട്ടിൻപുറത്തു കാരുടെ എല്ലാം സദസ്സുകൾക്കനുസരിച്ച് അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്ന നാടകങ്ങളുടെ രചനയും അവതരണ രീതിയും മാറും. കുട്ടികളുടെ നാടകത്തെ സംബന്ധിച്ചിടത്തോളവും ഏറ്റവും മുഖ്യമായ ഈ ഘടകം സദസ്സു തന്നെ - കുട്ടികളുടെ പ്രേക്ഷകസദസ്സ്. ആ സദസ്സിന് ആസ്വദിക്കാൻ കഴിയുന്ന ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാകൂ. പ്രായമായവർ സദസ്സിൽ ഉണ്ടെങ്കിൽ അവരും രസിച്ചുവെന്നു വരാം. കാരണം, ഏതു മുതിർന്നവനിലും ഒരു കുട്ടി ഒളിച്ചിരിക്കുന്നു. കുട്ടികൾ മാത്രമുള്ള ഒരു സദസ്സുമായി, കലാപരമായി സംവദിക്കുവാൻ കഴിയുന്ന ഒരു നാടകമേ ഈ വിഭാഗത്തിൽ ഉൾപ്പെടൂ. ആ കാരണം കൊണ്ടുതന്നെയാണ് കുട്ടികളുടെ നാടകം ഭാവരൂപങ്ങളിലും അവതരണത്തിലും പ്രത്യേകമായ വ്യക്തിത്വമുള്ളതായി തീരുന്നത്. കുട്ടികളുടെ മനസ്സ് അറിയാൻ കഴിയുന്ന ഒരാളിനു മാത്രമേ അവർക്കു വേണ്ടിയുള്ള നാടക മെഴുതാൻ സാധ്യമാകൂ. സദസ്സിന്റെ പ്രായപരിധിയും വളരെയധികം പരിഗണനാർഹമായിത്തീരുന്നു. കാരണം, ബാല്യകൗമാരങ്ങളിൽ ബാഹ്യമായും ആഭ്യന്തരമായും ഒരുവനിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പിന്നീട് ഇങ്ങോട്ട് ഉണ്ടാകുന്നില്ല. ശൈശവത്തിൽ നിന്നു ബാല്യത്തിലേക്കും ബാല്യത്തിൽ നിന്നു കൗമാരത്തിലേക്കും കൗമാരത്തിൽ നിന്നു യൗവ്വനത്തിലേക്കുമുള്ള ഒരു കുട്ടിയുടെ മാറ്റം അനുക്രമവും നിരന്തരവികസിതവുമാണ്. അതിനിടയിൽ കൊഴിഞ്ഞു വീഴുന്ന വർഷങ്ങൾ അവരിൽ ബാഹ്യവും ആഭ്യന്തരവുമായ വമ്പിച്ച മാറ്റങ്ങൾ വരുത്തുന്നതുമാണ്. യൗവ്വനാരംഭത്തിൽ അവന്റെ മനസ്സും ശരീരവും ഏതാണ്ട് ഉറയ്ക്കുന്നതുവരെ അതു നിലനിൽക്കുന്നു. അതിനാൽ അഞ്ചു വയസ്സുവരെയുള്ള കുട്ടിയുടെ മാനസിക നിലവാരവും ഇഷ്ടാനിഷ്ടങ്ങളും അഞ്ചിനും എട്ടിനും ഇടയ്ക്കുള്ള അവസ്ഥയും എട്ടിനും പന്ത്രണ്ടിനും ഇടയ്ക്കുള്ള അവസ്ഥയും പന്ത്രണ്ടിനും പതിനഞ്ചിനും ഇടയ്ക്കുള്ള അവസ്ഥയും അതിനു ശേഷം പതിനെട്ടു വരെയുള്ള അവസ്ഥയും ഇതിനിടയ്ക്കെല്ലാം സംഭവിക്കുന്ന മാനസിക വികാസവും കുട്ടികളുടെ നാടകത്തെ സംബന്ധിച്ചിടത്തോളം അവരുടെ നാടക സദസ്സിനെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ അതിപ്രധാനമായിത്തീരുന്നു. അഞ്ചു വയസ്സുകാരൻ ഇഷ്ടപ്പെടുന്ന കളികളും വിനോദങ്ങളും മൃഗങ്ങളെയും പക്ഷികളെയും പറ്റിയുള്ള കൊച്ചുകഥകളും അതിനു മുകളിലുള്ളവർക്ക് ഇഷ്ടമായില്ലെന്നു വരും. അവർക്ക് രാക്ഷസന്മാരും രാജകുമാരന്മാരും അത്ഭുതങ്ങളും വേണം. എട്ടു വയസ്സു കഴിയുമ്പോൾ തനിക്കു ചുറ്റുമുള്ള സമൂഹവുമായി ബോധതലത്തിൽത്തന്നെ അവൻ പ്രതികരിക്കുവാൻ ആരംഭിക്കും. നീതിസാര കഥകൾക്കാകാം ആ കാലഘട്ടത്തിൽ പ്രസക്തി. അതിനു മുകളിലേക്കു വളരുമ്പോൾ പ്രായപരിധിയിൽ പ്പെടുന്ന മറ്റുള്ളവരുടെ ജീവിതം കാണാൻ കൗതുകം ജനിക്കുന്നു. ആദർശപൂർണരായ കഥാനായകന്മാരോടാകാം കമ്പം. ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രായവിഭജനം തന്നെ സമൂഹത്തിന്റെ ഘടന, രാജ്യത്തിന്റെ വികാസം എന്നിങ്ങനെ പലതിനെ ആശ്രയിച്ചിരിക്കുന്നു. ഈ വിധത്തിൽ ജീവിതത്തിൽ ഏതു പ്രായപരിധിയിൽപ്പെട്ട കുട്ടികളാണ് സദസ്സിലുണ്ടാവുക എന്നതും പ്രധാനമാണ് - നാടകമെഴുത്തിലും രംഗാവതരണത്തിലും.

**145.** കുട്ടികളുടെ നാടകത്തിന്റെ പ്രത്യേകത എന്താണ്?

(1) നഗരവാസികൾക്ക്

(2) കുട്ടികൾക്കും മുതിർന്നവർക്കും ആസ്വാദിക്കാൻ പറ്റുന്നത്

(3) കുട്ടികൾക്കു തന്നെ ആസ്വാദിക്കാൻ പറ്റുന്ന തരത്തിലുള്ള നാടകമേ കുട്ടികളുടെ നാടകം ആകു

(4) ഗ്രാമീണർക്ക്

**146.** മുതിർന്നവരും കുട്ടികളുടെ നാടകം ആസ്വദിക്കുമോ?

(1) അറിയില്ല

(2) ആസ്വദിക്കാൻ പറ്റും

(3) ആസ്വദിക്കാൻ പറ്റില്ല

(4) ആസ്വദിക്കാൻ പറ്റും എന്നുള്ളതിൽ സംശയം ഉണ്ട്

**147.** താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏറ്റവും ശരിയായ പ്രസ്താവന ഏതാണ്?

(1) പൊതുവെ കുട്ടികൾക്ക് കഥാപുരുഷന്മാരെക്കുറിച്ചുള്ള കഥകൾ ആയിരിക്കും താത്പര്യം

(2) കുട്ടികളുടെ പ്രായഭേദം നാടകാസ്വാദനത്തിൽ ഒരു പ്രശ്നം അല്ല

(3) പ്രായത്തിനനുസരിച്ചുള്ള നാടക കഥകളും അവതരണവും ആയിരിക്കും കുട്ടികൾക്ക് ഏറ്റവും പ്രിയങ്കരം

(4) പൊതുവെ കുട്ടികൾക്ക് രാക്ഷസന്മാരെക്കുറിച്ചുള്ള കഥകൾ ആയിരിക്കും താൽപര്യം

**148.** കുട്ടികളുടെ നാടകവേദിയ്ക്ക് ഏതൊക്കെയാണ് പ്രധാനപ്പെട്ട ഘടകങ്ങൾ

(1) നാടകകൃത്ത്, അരങ്ങ്, പ്രേക്ഷകർ

(2) ശബ്ദം, വെളിച്ചം, പ്രേക്ഷകർ

(3) സംഗീതം, വാദ്യം, പ്രേക്ഷകർ

(4) അഭിനയം, അരങ്ങ്, പ്രേക്ഷകർ

**149.** ബാല്യത്തിലുള്ള കുട്ടികളുടെ താൽപര്യം ഏതു തരത്തിലുള്ള നാടകത്തിനോട് ആണ്

(1) ആദർശ കഥകൾ

(2) പൊതുവെ മൃഗങ്ങളെയും പക്ഷികളെയും പറ്റിയുള്ള കൊച്ചു കഥകൾ ആയിരിക്കും

(3) നീതിസാര കഥകൾ

(4) രാഷ്ട്രീയ കഥകൾ

**150.** ഒരുവന്റെ കുട്ടികാലത്തിനനുസരിച്ചുള്ള വളർച്ചയെ എങ്ങിനെ തരംതിരിക്കാം

(1) കൗമാരം, യൗവനം, ബാല്യം

(2) യൗവനം, കൗമാരം, വാർദ്ധക്യം

(3) കൗമാരം, യൗവനം, വാർദ്ധക്യം

(4) ബാല്യം, കൗമാരം, യൗവനം

SPACE FOR ROUGH WORK

*താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക:*

1. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല/കറുപ്പ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.

2. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.

3. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.

4. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതയും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.

5. അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ അഡ്മിറ്റ് കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.

6. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.

7. ഇൻവിജിലേറ്ററിന്റെ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.

8. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കോഡുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായ രീതി കൈകൊണ്ടതായും കണക്കാക്കും.

9. വൈദ്യുതി ഉപയോഗിച്ചോ/മാനുഷികമായതോ ആയ കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.

10. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാദ്ധ്യമാണ്. തെറ്റായ രീതിയിലുള്ള എല്ലാ രീതികളും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.

11. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.

12. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**READ THE FOLLOWING INSTRUCTIONS CAREFULLY :**

1. Out of the four alternatives for each question, only one circle for the correct answer is to be darkened completely with Blue/Black Ballpoint Pen on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
2. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
3. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
4. The candidates will write the correct Test Booklet Code and Number as given in the Test Booklet/Answer Sheet in the Attendance Sheet.
5. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the Examination Hall/Room.
6. Each candidate must show on demand his/her Admit Card to the Invigilator.
7. No candidate, without special permission of the Superintendent or Invigilator, should leave his/her seat.
8. The candidates should not leave the Examination Hall without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet, a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case.
9. Use of Electronic/Manual Calculator is prohibited.
10. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall. All cases of unfair means will be dealt with as per Rules and Regulations of the Board.
11. No part of the Test Booklet and Answer Sheet shall be detached under any circumstances.
12. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room/Hall. *The candidates are allowed to take away this Test Booklet with them.***

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर-पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह नीले/काले बॉलपॉइंट पेन से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
2. परीक्षार्थी सुनिश्चित करें कि इस उत्तर-पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
3. परीक्षा पुस्तिका एवं उत्तर-पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर-पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
4. परीक्षा पुस्तिका/उत्तर-पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाजिरी-पत्र में लिखें।
5. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-कार्ड के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
6. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-कार्ड दिखाएँ।
7. अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
8. कार्यरत निरीक्षक को अपना उत्तर-पत्र दिए बिना एवं हाजिरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार हाजिरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर-पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा।
9. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
10. परीक्षा हॉल में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा।
11. किसी हालत में परीक्षा पुस्तिका और उत्तर-पत्र का कोई भाग अलग न करें।
12. परीक्षा सम्पन्न होने पर, परीक्षार्थी कक्ष/हॉल छोड़ने से पूर्व उत्तर-पत्र निरीक्षक को अवश्य सौंप दें। *परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।*